സമൂഹ പരിണാമഗതിയെ തിരിച്ചറിയുവാനും അടയാളപ്പെടുത്തുവാനുമുള്ള ഏകകമാണ് ഭാഷ. ഏതു സമൂഹത്തെയും ഭാഷാ സ്വഭാവങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്താനാകും. സമൂഹം നേരിടുന്ന എല്ലാത്തരം സന്ധിസംഘർഷങ്ങളുടെയും പ്രതിഫലനം ഭാഷയിൽ കൂടിയാണ് പ്രകടമാകുന്നത്. പുതിയ ജീവിത സന്ദർഭങ്ങൾ, വൈജ്ഞാനിക സന്ദർഭങ്ങൾ എന്നിവയോടുള്ള നിരന്തരമായ സംവാദവും കലഹവും ഭാഷാപരിണാമത്തിന് സഹായമാകുന്നു. സമൂഹത്തിന്റെ സാംസ്കാരിക മൂലധനങ്ങളിൽ (Cultural Capital) പ്രധാനപ്പെട്ടതാണ് ഭാഷ. അതിനാൽ, സമൂഹത്തിന്റെ സാംസ്കാരിക പരിണാമങ്ങളെ പഠിക്കാനുതകുന്ന മികച്ച ഉപാത്തമായി ഭാഷ മാറുന്നു. പോയകാലത്തെ അടയാളപ്പെടുത്തുന്നതിനും ഭാഷാപഠനങ്ങൾക്ക് കഴിയുന്നു. ഭാഷ എന്നത് ഏകമുഖമായ ഒന്നല്ലെന്നും അതിനാൽത്തന്നെ അതിനെ പ്രതിബൃഹദാഖ്യാനങ്ങൾ സാധ്യമല്ലെന്നും ഇന്ന് പഠിതാക്കാൾ തിരിച്ചറിയുന്നുണ്ട്. ഭാഷയുടെ വ്യത്യസ്ത പ്രയോഗ മുഖങ്ങൾ വർത്തമാനത്തെ അടയാളപ്പെടുത്തുവാൻ ഉപയോഗിക്കാം. ഭാഷാ പ്രയോഗങ്ങളുടെ മാറ്റം സാമൂഹികഘടനയെ സ്വാധീനിക്കുന്നുണ്ട്. ഇതിന്റെ പ്രത്യക്ഷമായ തെളിവാണ് മലയാള ഭാഷയുടെ വ്യാകരണവും സാഹിത്യവും. മലയാളിയുടെ മനുഷ്യബന്ധത്തിന്റെ ഭാഷ മലയാളമാണ്. സമകാലിക സമൂഹത്തിന്റെ ഈ ബന്ധത്തിൽ നവീകരണം സംഭവിക്കണമെങ്കിൽ വിവിധ മണ്ഡലങ്ങളിൽ നടക്കുന്ന ഭാഷാപ്രയോഗത്തിൽ മാറ്റം സംഭവിക്കണം. സാഹിത്യരചനകളിൽ പുതിയ

ഭാഷാപ്രയോഗങ്ങൾ കടന്നുവരുന്നുണ്ട്. അതേസമയം വൈജ്ഞാനികത യിൽ നിന്നും ഭാഷ അകറ്റി നിർത്തപ്പെടുകയും ചെയ്യുന്നു. മലയാളത്തിൽ ഇന്ന് പരീക്ഷിക്കപ്പെടുന്ന ഏറ്റവും പുതിയ ഭാഷാ വിജ്ഞാനം സാഹിത്യസം ബന്ധിയായി മാത്രം മാറിയിരിക്കുന്നു.

കേരളത്തിലെ പൊതുമണ്ഡലത്തിൽ നിന്നും സാധാരണ ജീവിതപരി സരങ്ങളിൽ നിന്നും രാഷ്ട്രീയ സംവാദങ്ങളിൽ നിന്നും ഉടലെടുക്കുന്ന ആശ യങ്ങൾ മാധ്യമങ്ങളിലൂടെയാണ് സാധാരണ ജനങ്ങളിലെത്തുന്നത്. സമൂഹ ത്തിൽ ഇപ്രകാരം പ്രത്യക്ഷപ്പെടുന്ന പുതുവ്യവഹാരങ്ങൾ പ്രതിഫലിപ്പിക്കു ന്നതിൽ പത്രമാധ്യമങ്ങൾക്കുള്ള പങ്ക് ചെറുതല്ല. സമൂഹത്തെയും സമൂഹ ത്തോടുള്ള ജനങ്ങളുടെ പ്രതികരണത്തെയും മനസ്സിലാക്കുന്നതിനുള്ള മികച്ച ഉപാധിയും പത്രങ്ങൾ തന്നെ. ഭൂരിപക്ഷം മലയാളികളുടെയും ദൈനംദിന ജീവിതത്തിന്റെ അവിഭാജ്യഘടകമാണ് പത്രങ്ങൾ. പുതിയ വ്യവഹാരങ്ങൾ സൃഷ്ടിക്കുകയും പ്രചരിപ്പിക്കുകയും സ്ഥാപിക്കുകയും ചെയ്യുന്നതിലൂടെ മല യാളിയുടെ ലോകബോധത്തിൽ തന്നെ സാരമായ വ്യത്യാസമുണ്ടാക്കാൻ പത്രങ്ങൾക്ക് കഴിയുന്നുണ്ട്. അതിനാൽ പത്രങ്ങൾ, ടെലിവിഷൻ ചാനലുകൾ തുടങ്ങിയവയുടെ വ്യത്യസ്ത ധാരകളിലുള്ള പഠനം മലയാള ഭാഷയ്ക്കും മലയാള സമൂഹത്തിനും ഗുണകരമായ ഒന്നാണ്.

**2**

തനത് ഭാഷയും ശൈലിയുമാണ് ഒരു പത്രത്തിന്റെ ശക്തി. മലയാള പത്രങ്ങൾ ഇത്തരത്തിലുള്ള ഭാഷാശൈലി രൂപീകരണം നടത്തുന്നുണ്ട്. മല

യാളിയുടെ മേലും മലയാള സംസ്കാരത്തിന്റെ മേലും പത്രങ്ങൾ സവിശേഷ മായ ഇടപെടൽ നടത്തുന്നു. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക സാമു ദായിക മാറ്റങ്ങൾക്കനുസരിച്ച് പത്രങ്ങളിലെ ഭാഷാ മാറുകയോ പുതിയ ഭാഷാക്രമം രൂപപ്പെടുകയോ ചെയ്യുന്നുണ്ട്. അതായത് ഓരോ മാധ്യമവും തനതായ ചില ഭാഷാവ്യവഹാരങ്ങളുടെ ഉല്പത്തിക്ക് കാരണമാകുന്നു. പര മ്പരാഗത വ്യാകരണ നിർമ്മിതിക്ക് കീഴടങ്ങാത്ത വിധം സ്വന്തമായ നിർമിതി പത്രങ്ങളിൽ പ്രകടമാകുന്നുണ്ട്.

മലയാളത്തിലെ ഏറ്റവും സ്വാധീനശക്തിയുള്ള ഭാഷാപ്രയോഗ മേഖല അച്ചടിമാധ്യമത്തിന്റേതാണ്. സമൂഹത്തിന്റെ പ്രതിനിധാന സ്വഭാവം അതിനു ണ്ടെന്ന് കല്പിക്കണം. ആ അർത്ഥത്തിൽ മലയാളിയുടെ വ്യവഹാര ലോക ങ്ങളുടെ സവിശേഷത പഠിക്കാൻ ആ വ്യവഹാരങ്ങളുടെ ഭാഷ പ്രയോജന പ്പെടുത്താം എന്ന പൂർവകല്പനയിൽ നിന്നുകൊണ്ടാണ് ഈ പഠനം ആരംഭി ക്കുന്നത്.

സജീവവും സമൃദ്ധവുമായ വ്യത്യസ്ത വ്യവഹാരങ്ങളുടെ ഇടമാണ് മലയാളപത്രങ്ങൾ. വായനയുടെ കാര്യത്തിൽ പത്രങ്ങളുമായി വ്യക്തിപരമായ ബന്ധമാണ് കേരളസമൂഹത്തിനുള്ളത്. പത്രപ്രവർത്തനത്തിന്റെയോ നിലപാ ടുകളുടെ മേന്മ കൊണ്ടല്ലിത്. ഒരു പത്രം വായനക്കാരന്റെ മേൽ നേടിയെ ടുത്ത മേധാവിത്വമാണ് ഇതിന്റെ പിന്നിൽ. ഏതായാലും കേരളീയ സമൂഹ ത്തിന്റെമേൽ പത്രങ്ങൾ നിർണായകമായ സ്വാധീനം ചെലുത്തുമ്പോഴും

പത്രപ്രവർത്തനവുമായി പ്രത്യേകിച്ച് പത്രങ്ങളിലെ ഭാഷയുമായി ബന്ധപ്പെട്ട് അധികം ഗവേഷണപഠനങ്ങൾ ഉണ്ടായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. എന്നാൽ ആദ്യകാല പത്രങ്ങളുടെ സാഹിത്യസംഭാവനകൾ, മലയാള ഗദ്യവും പത്രമാസികകളും, വിദ്യാവിലാസിനി, വിവേകോദയയം, ഭാഷാപോഷിണി, രാജ്യസമാചാരം,മാതൃഭൂമിയിലെ ഗ്രന്ഥ നിരൂപണങ്ങൾ തുടങ്ങിയവയെ സംബന്ധിച്ച പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. പത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ഭാഷ വ്യാകരണപരമായി മികച്ച പഠന സാധ്യതയുള്ളതാണ്.

വ്യത്യസ്ത വ്യവഹാരങ്ങളുടെ സമൃദ്ധമായ ഇടമാണ് ഓരോ പത്രവും. വ്യത്യസ്തമായ നിരവധി വാർത്തകളുണ്ട് - രാഷ്ട്രീയം, സാമൂഹികം, കായികം, സാമ്പത്തികം, പ്രാദേശികം, സിനിമ, ചരമം, അപകടം എന്നിങ്ങനെ മനുഷ്യ ജീവിതത്തിന്റെ എല്ലാ മേഖലകളെയും വാർത്തകൾ സ്പർശിക്കുന്നു. ഓരോ വിഷയവും കൈകാര്യം ചെയ്യുമ്പോൾ പത്രം സവിശേഷമായ പ്രയോഗങ്ങൾ ഉപയോഗിക്കുന്നു. പത്രഭാഷ സ്വയം ഒരു ഭാഷാവ്യവഹാരമായി നിലനിൽക്കുമ്പോൾ തന്നെ അതിലെ ഓരോ വിഷയത്തിനും സവിശേഷമായ ഭാഷയുണ്ടെന്ന് കാണാം. ഇത്തരത്തിലുള്ള വ്യവഹാരങ്ങൾ ഭാഷയിൽ വരുത്തുന്ന പരിണാമങ്ങൾ പത്രശൈലിയെ രൂപീകരിക്കുന്നുണ്ടോ എന്ന അന്വേഷണമാണ് ഈ ഗവേഷണത്തിന്റെ ലക്ഷ്യം.

**3**

ശൈലീനിഷ്ഠപഠനം എന്ന പ്രബന്ധനാമം രീതിപരമായ, രീത്യധിഷ്ഠിതമായ, ജ്ഞാനഗോചരമായ അർത്ഥത്തിന്റെയോ ഭാഷാഭേദത്തിന്റെയോ

അടിസ്ഥാനത്തിലുള്ളവയല്ലാത്ത ഭാഷാപരമായ വിശേഷണം എന്നതിലേയ്ക്കാണ് ഊന്നൽ നൽകുന്നത്. സമഗ്രമായ ഒരു സന്ദർഭത്തിന്റെ അടിസ്ഥാനത്തിൽ നിർവചിക്കാവുന്ന ഭാഷാനിഷ്ഠമായ ഒരു സംവേദനമാണിത്. പത്രങ്ങളുടെ ശൈലി ബഹുജനത്തിന്റേതാണ്. ഇതൊരിക്കലും വ്യക്തിനിഷ്ഠമല്ല. പത്രശൈലി എന്നത് അറിവു നൽകുക, സ്വാധീനിക്കുക, സാമൂഹികവും രാഷ്ട്രീയവുമായ ആശയത്തെ പ്രതിനിധീകരിക്കുക എന്നാണ്. എന്നാൽ അതേസമയം പത്രങ്ങൾ അനുവർത്തിക്കുന്ന ശൈലി മറ്റനേകം ശൈലി സവിശേഷതകളുടെ ആകെത്തുകയുമാണ്. സവിശേഷതയുള്ള പദങ്ങളുടെയും പദസഞ്ചയങ്ങളുടെയും നിറക്കൂട്ടാണ് ഓരോ വാർത്തയും. ഏതു വാർത്ത അവതരിപ്പിക്കുമ്പോഴും അതിന് അനുയോജ്യമായ ശീർഷകം, നിറം, ഫോണ്ട്, സംവിധാനം എന്നിങ്ങനെ വ്യത്യസ്തമായ ശൈലികൾ വാർത്തയെയും വായനക്കാരനെയും നിയന്ത്രിക്കുന്നു.

2008 ജൂലൈ മാസം 23-ാം തീയതിയിലെ മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി എന്നീ പത്രങ്ങളാണ് പഠനത്തിനായി സ്വീകരിച്ചത്. ഇന്ത്യൻ ജനാധിപത്യത്തിന്റെ മേൽ പണം എത്ര ഭീകരമായി വാഴുന്നുവെന്നതിന്റെ പ്രത്യക്ഷമായ വിവാദങ്ങൾ നടന്ന ദിവസം. ആണവക്കരാറുമായി ബന്ധപ്പെട്ട് പാർലമെന്റിൽ വിശ്വാസം നേടാൻ പ്രതിപക്ഷ എം.പി. മാർക്ക് കോഴയായി 10 കോടി നൽകിയെന്നും പ്രസ്തുത പണം ലഭിച്ച എം.പി. മാർ കോഴപ്പണം പാർലമെന്റിൽ ഉയർത്തി കാണിക്കുന്നതുമായി ബന്ധപ്പെട്ട വാർത്തകളും ചിത്രങ്ങളുമായാണ് അന്നത്തെ പത്രങ്ങൾ പുറത്തിറങ്ങിയത്. ഭാഷാപര

മായും വ്യാകരണപരമായും സംസ്കാരപരമായും ഈ സംഭവത്തെ വിശക
ലനം ചെയ്യേണ്ടതിന്റെ ആവശ്യവും ഗവേഷണാത്മകമായ സാധ്യതയുമാണ്
പ്രസ്തുത ദിനപത്രങ്ങൾ വിശകലനത്തിനായി സ്വീകരിക്കാൻ പ്രേരിപ്പിച്ചത്.

പ്രധാനവാർത്ത, അനുബന്ധവാർത്തകൾ, രാഷ്ട്രീയ വാർത്തകൾ, മുഖ
പ്രസംഗം, പ്രാദേശികവാർത്ത, ചരമ/അപകട വാർത്തകൾ എന്നിങ്ങനെ
കൃത്യമായ വേർതിരിവോടുകൂടിയാണ് ദത്തത്തെ സമീപിച്ചത്. മുകളിൽ
സൂചിപ്പിച്ച പത്രങ്ങളിലെ മുഴുവൻ ഭാഗങ്ങളും പരിശോധിക്കുകയും വർണം,
പദം, വാക്യം എന്നീ തലങ്ങളിൽ സാഹിത്യസാഹ്യം, കേരളപാണിനീയം,
എന്നിവ ഉപയോഗിച്ച് ശൈലിയെ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു.

ഈ പത്രങ്ങളുടെ താരതമ്യ - വിശകലന - വിവരണ - വിശദീകരണ
ങ്ങളിലൂടെ പത്രഭാഷ, പരിണാമം, വാർത്തകളുടെ രാഷ്ട്രീയം, വാർത്തക
ളിലെ രാഷ്ട്രീയം എന്നിവയെല്ലാം തിരിച്ചറിയാൻ സാധിക്കും. ഈ പ്രബന്ധ
ത്തിൽ ഭാഷാവലോകനത്തിലൂടെ തെളിയുന്ന ശൈലിയെ പഠിക്കാനാണ്
ശ്രദ്ധിച്ചിരിക്കുന്നത്. പഠനത്തിനായി സ്വീകരിച്ച പത്രങ്ങൾ മലയാള ഭാഷ
യുടെ, പത്രഭാഷയുടെ ചുവടുമാറ്റത്തെ പ്രതിനിധാനം ചെയ്യുന്നു.

**4**

സമകാലിക മലയാളത്തിന്റെ ഏറ്റവും ശക്തമായ പ്രയോഗരൂപങ്ങൾ
കാണുന്ന വ്യവഹാരമണ്ഡലമാണ് പത്രഭാഷ. അനുദിന ഭാഷാവബോധത്തി
ലുണ്ടാകുന്ന ജ്ഞാനോദയത്തിന്റെയടിസ്ഥാനത്തിൽ പത്രഭാഷയെയും
അതിന്റെ ശൈലിയെയും നിർണയിക്കുവാൻ മലയാള വ്യാകരണത്തിന്

സാധ്യവുമാണ്. ഏതു വ്യാകരണവും പ്രസക്തമാകുന്നത് വർത്തമാനകാല ഭാഷാവ്യവഹാരത്തെ വിശദീകരിക്കുവാൻ അതിന് സാധിക്കുമ്പോൾ മാത്രമാണ്. അത്തരമൊരു ധാരണയുടെ അടിസ്ഥാനത്തിൽ ആണ് പ്രബന്ധ സംവിധാനം. പൂർവമാതൃകകളുടെ അഭാവം, സ്വയം ക്രമീകരിച്ച രീതിശാസ്ത്രം ഉപയോഗിക്കുവാൻ പ്രേരണയായി എന്നത് ഈ പ്രബന്ധത്തിന്റെ പരിമിതിയാണ്. എങ്കിലും തുടർപഠനത്തിനുള്ള ധാരാളം സാധ്യതകൾ കണ്ടെത്താനായി.

**5**

പത്രഭാഷ ശൈലീനിഷ്ഠപഠനം എന്ന ഈ ഗവേഷണ പ്രബന്ധത്തിൽ ആമുഖം കൂടാതെ അഞ്ച് അധ്യായങ്ങളാണ് ഉള്ളത്. പത്രഭാഷയെയും പത്രഭാഷ സംബന്ധമായ പഠനങ്ങളെയും ഈ ഗവേഷണ പ്രബന്ധത്തിന്റെ രീതിശാസ്ത്രവും ആമൂഖത്തിൽ സാമാന്യം വിശദമായി ചർച്ച ചെയ്തിരിക്കുന്നു. ശൈലി സിദ്ധാന്ത തലങ്ങൾ എന്ന ഒന്നാം അധ്യായത്തിൽ ശൈലി സങ്കല്പനത്തെ നിർവ്വചിക്കാനും വിശദീകരിക്കാനും ശ്രമിക്കുന്നു. ഏ.ആർ.രാജരാജവർമയുടെ സാഹിത്യസാഹ്യം ആ നിലയ്ക്ക് പ്രസക്തമായ സൈദ്ധാന്തിക ഗ്രന്ഥമാണെന്ന തിരിച്ചറിവിലാണ് പത്രഭാഷയുടെ ശൈലീനിഷ്ഠ പഠനത്തിനുവേണ്ടി പ്രസ്തുത ഗ്രന്ഥം സ്വീകരിച്ചത്. തുടർന്ന് കുട്ടികൃഷ്ണമാരാർ, എൻ.വി.കൃഷ്ണവാര്യർ, ഡോ.പ്രഭാകരവാര്യർ എന്നിവരുടെ ഭാഷാശൈലി സങ്കൽപ്പനങ്ങളെ വ്യാഖ്യാനിച്ചിട്ടുണ്ട്. പാശ്ചാത്യ പൗരസ്ത്യ സങ്കല്പങ്ങൾ ശൈലീനിഷ്ഠം എന്ന പ്രബന്ധനാമത്തിന്റെ പൂർത്തീകരണത്തിനും ആധി

കാരികതയ്ക്കും വേണ്ടി വിശദീകരിച്ചിരിക്കുന്നു. പത്രഭാഷയിൽ വർണം, പദം, വാക്യം എന്നിവ എങ്ങനെ വ്യത്യസ്തമായ ശൈലിയെ രൂപപ്പെടുത്തുന്നുവെന്ന് നിരീക്ഷിക്കുവാൻ ഈ അദ്ധ്യായത്തിൽ ഏ.ആറിന്റെയും മാരാരുടെയും മറ്റും ശൈലി സങ്കല്പങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ട്. വ്യാകരണ കാര്യങ്ങൾ വിശദീകരിക്കുവാൻ കേരളപാണിനീയത്തെ പീഠികയാക്കി. ആധുനിക ഭാഷാശാസ്ത്രത്തിന്റെയും മലയാള വ്യാകരണ പഠനത്തിന്റെയും വ്യവഹാര പഠനത്തിന്റെയും സങ്കേതങ്ങൾ പത്രഭാഷയിലെ ശൈലീപഠനത്തിന് ഉപയോഗപ്രദമാണ്.

രണ്ടാമത്തെ അധ്യായത്തിൽ (വാർത്തയും ഭാഷയും) വാർത്ത, പത്രം, ഭാഷ എന്നിവയുടെ പൊതുസ്വഭാവം വ്യക്തമാക്കുന്നു. ഒപ്പം തന്നെ പത്ര ഭാഷയുടെ ചരിത്രം വിശദമാക്കാൻ ശ്രമിക്കുന്നു. മലയാള പത്രപ്രവർത്തന ചരിത്രത്തിന്റെ അടിസ്ഥാനത്തിൽ സ്വയം രൂപീകരിച്ച ധാരണകളുടെ ബലത്തിൽ മലയാള പത്രങ്ങളുടെ ഘട്ട വിഭജനവും ഭാഷാപരമായ പ്രത്യേകതകളും ഉദാഹരണസഹിതം രേഖപ്പെടുത്തുന്നു. ശൈലീനിഷ്ഠ പഠനത്തിന് ആധാരമായ സൈദ്ധാന്തികതലത്തിന്റെയടിസ്ഥാനത്തിലാണ് വിശകലനം. ഭാഷയുടെ സംവേദനക്ഷമത ഒരു പത്രത്തിലൂടെ എങ്ങനെ വായനക്കാരന് അനുഭവവേദ്യമാകുന്നുവെന്നും ഭാഷാപ്രയോഗങ്ങൾ സവിശേഷമായ ഇടങ്ങൾ എപ്രകാരം നിർവഹിക്കുമെന്നും ഈ അധ്യായത്തിൽ വിശദമാക്കുന്നുണ്ട്.

മൂന്നാമത്തെ അധ്യായം (ശീർഷക ഭാഷ) ശീർഷകങ്ങളെ സംബന്ധിച്ചാണ്. പത്രങ്ങളുടെ മുഖ്യ സംവേദനോപാധി എന്ന നിലയിൽ അവ ഉപയോഗിക്കുന്ന ശീർഷകങ്ങൾ എപ്രകാരം ഭാഷാവിനിമയം നടത്തുന്നുവെന്ന് അന്വേഷിക്കുകയും വ്യാകരണപരമായ അംശങ്ങൾ ശൈലിയെ രൂപപ്പെടുത്തുന്നതിൽ വഹിക്കുന്ന പങ്ക് വ്യക്തമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. വാക്യഘടന, പദഘടന, തിരഞ്ഞെടുപ്പ് കഴിഞ്ഞ 50 വർഷകാലത്തെ പത്രങ്ങളുടെ ഒന്നാംപുറത്തിലെ ശീർഷകങ്ങളെ താരതമ്യപ്പെടുത്തുകയും നിഗമനങ്ങൾ ക്രോഡീകരിക്കുകയും ചെയ്തിട്ടുണ്ട്. സംവിധാനശൈലി, നിറം, ഫോണ്ട് എന്നിവ തലവാചകങ്ങളിൽ എപ്രകാരം പ്രവർത്തിക്കുന്നുവെന്ന് നിരീക്ഷിക്കുന്നതും കണ്ടെത്തുന്നതും പഠനത്തിന്റെ ഭാഗമാണ്.

നാലാമത്തെ അധ്യായം (വാർത്തയുടെ ഭാഷ) പത്രഭാഷയുടെ അപഗ്രഥനമാണ്. ഒന്നും രണ്ടും അധ്യായങ്ങൾ ചർച്ചചെയ്ത സൈദ്ധാന്തികതലങ്ങളുടെ വിശകലനമാണിത്. വർണം, പദം, വാക്യം എന്നു മൂന്നു തലങ്ങളിലുള്ള അപ്രഗ്രഥനവും വാർത്തകളുടെ താരതമ്യപഠനവും നടത്തുന്നു. ഇവയുടെ വ്യത്യസ്തപാഠങ്ങൾ വിശദീകരിച്ചിട്ടുണ്ട്.

അഞ്ചാമത്തെ അധ്യായം പത്രങ്ങളുടെ സ്റ്റൈൽ ബുക്ക് (ശൈലീപുസ്തകം), മുഖപ്രസംഗങ്ങൾ, കാർട്ടൂണുകൾ എന്നിവയുടെ പഠനമാണ്. പത്രങ്ങളുടെ സ്റ്റൈൽ ബുക്ക് തികച്ചും സ്വകാര്യമായ സ്വത്താണ്. പൊതുസമൂഹത്തിന് ഈ കൈ പുസ്തകം ലഭ്യമല്ല. എങ്കിലും ചില പത്രസ്ഥാപന

ങ്ങളുടേത് ഉപയോഗപ്പെടുത്തിയാണ് അതിനെ വിലയിരുത്തിയത്. മുഖപ്രസംഗങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പത്രസ്ഥാപനം അനുവർത്തിക്കുന്ന നയങ്ങളുടെ പ്രഖ്യാപനം കൂടിയാണ്. കാർട്ടൂണുകളിൽ പ്രത്യക്ഷമാകുന്ന സാമൂഹിക വിമർശനം പലപ്പോഴും പൊതുസമൂഹത്തിന്റെ ബോധങ്ങളുമായി ചേർന്നുപോകുന്നു. പത്രങ്ങളെ സംബന്ധിച്ചിടത്തോളം ഹാസ്യചിത്രണം (കാർട്ടൂണുകളും കാരിക്കേച്ചറുകളും) ബഹുമുഖമായ പഠനം ആവശ്യപ്പെടുന്നു. ഇത്തരം വ്യത്യസ്ത അംശങ്ങളും ഒരു പത്രത്തിന്റെ ശൈലിയെ നിർണ്ണയിക്കുവാൻ സഹായകമാണ്.

കാഴ്ചയാകുന്ന എഴുത്താണ് സമകാലീന പത്രഭാഷയെന്ന നിഗമനമാണ് ഉപസംഹാരമെന്ന അവസാന ഭാഗം. വാർത്തയെഴുതുക എന്ന പ്രാരംഭകാല സമീപനങ്ങളെ മാറ്റി ഒരു വാർത്താപാഠം ഭാഷയുടെ പ്രയോഗസാധ്യതകളെ വിപുലമായി അടയാളപ്പെടുത്താനുള്ള വ്യാകരണ സാമഗ്രി തന്നെയാണെന്ന് കരുതണം. മാറുന്ന ലോകബോധം ഭാഷയുടെ വർണതലം, പദതലം, വാക്യതലം എന്നിവിടങ്ങളിലെല്ലാം പുതുമകൾ സൃഷ്ടിക്കുന്നു. ആ അർത്ഥത്തിൽ മലയാള ഭാഷയുടെ വളർച്ചയുടെ മികച്ച ദിശാസൂചകമായി പത്രഭാഷയെ കരുതാനാകും.

അനുബന്ധമായി ആധാരഗ്രന്ഥങ്ങൾ, ഗവേഷണ പ്രബന്ധങ്ങൾ, പട്ടികകൾ, പത്രങ്ങൾ എന്നിവ ചേർത്തിട്ടുണ്ട്.